"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഹെൽത്ത് സർവീസസ് - ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ താലൂക്കാശുപത്രിയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.ലില്ലി ആർ-ന് പലിശ രഹിത ചികിത്സാ വായ്പ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.2091/2026/H&FWD തീയതി,തിരുവനന്തപുരം, 23-06-2026

---

പരാമർശം:-

1. സ.ഉ.(അച്ചടി) നം.45/1997/ആ.കു.വ. തീയതി 18.02.1997.
2. സ.ഉ. (അച്ചടി)നം.285/2000/ആ.കു.വ. തീയതി 02.11.2000.
3. സ.ഉ. (അച്ചടി)നം.298/2001/ആ.കു.വ. തീയതി 20.11.2001.
4. സ.ഉ.(അച്ചടി)നം.100/2024/ധന തീയതി 22.11.2024.
5. ശ്രീമതി. ലില്ലി ആർ സമർപ്പിച്ച 08/01/2026, 04.04.2026 എന്നീ തീയതികളിലെ അപേക്ഷ.
6. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 02/02/2026, 04/05/2026 തീയതികളിലെ MH2(4)-1094/2026/DHS നം. കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (6) കത്തിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ താലൂക്കാശുപത്രിയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് -II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.ലില്ലി ആർ.-ന് (ജനന തീയതി-28/05/1976 PEN-No.641329) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലെ ചികിത്സയ്ക്കായി 4,20,000/- രൂപ (നാല് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) പലിശ രഹിത ചികിൽസാ വായ്പ പരാമർശത്തിലെ സർക്കാർ ഉത്തരവുകൾക്കും സ.ഉ.(അച്ചടി)നം.100/2024/ധന തീയതി.22.11.2024 (ഖണ്ഡിക-iii) പ്രകാരവും ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചു് ഉത്തരവാകുന്നു. ഇതുമായി ബന്ധപ്പെട്ട ചെലവ് "7610-00-800-95(02)" എന്ന ശീർഷകത്തിൽ (2026-27 സാമ്പത്തിക വർഷം) നിന്നും വഹിക്കേണ്ടതാണ്.

2. ഇപ്രകാരം അനുവദിച്ച 4,20,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ, ശ്രീമതി. ലില്ലി.ആർ സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതും വായ്പ തുക പൂർണ്ണമായും ക്രമപ്പെടുത്തിയ ശേഷവും

അനുവദനീയമായ ചികിത്സാചെലവ് ശേഷിക്കുന്നുണ്ടെങ്കിൽ ആ തുക KGSMA ചട്ടങ്ങൾ പ്രകാരമുള്ള ചികിത്സാ ചെലവിന്റെ പ്രതിപൂരണമായി അനുവദിക്കാവുന്നതാണ്. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 6 മാസത്തിനകം അപേക്ഷക ഹാജരാക്കേണ്ടതാണ്. ചികിത്സയ്ക്ക് ചെലവായ തുക കിഴിച്ച് ബാക്കി തുകയുണ്ടെങ്കിൽ മേൽ പ്രകാരമുള്ള ഉപയുക്തതാ കാലയളവ് പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസം തന്നെ ട്രഷറിയിൽ ഒടുക്കി ചെലാൻ അപേക്ഷകൻ ലഭ്യമാക്കേണ്ടതും, പലിശരഹിത ചികിത്സാ വായ്പ ധനവകുപ്പിന്റെ അനുമതിയോടെ 9 മാസത്തിനകം ക്രമപ്പെടുത്തേണ്ടതുമാണ്. അല്ലാത്ത പക്ഷം, മേൽ വ്യവസ്ഥകളിൽ ക്രമീകരണ അപേക്ഷ യഥാസമയം സമർപ്പിക്കാത്ത കേസുകളിൽ മുഴുവൻ വായ്പാ തുകയ്ക്കും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവിന് ശേഷമുള്ള അവശേഷിക്കുന്ന തുക യഥാസമയം തിരിച്ചടയ്ക്കാത്ത കേസുകളിൽ പ്രസ്തുത തുകയ്ക്കും 12% നിരക്കിൽ പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതാണ്. പ്രസ്തുത പലിശ രഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി പലിശ സഹിതം തിരിച്ചു പിടിക്കുന്നതാണ്. കൂടാതെ, വായ്പാക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്. പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ, റദ്ദു ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്. കൂടാതെ, മേപ്പടി പലിശ രഹിത ചികിൽസാ വായ്പ ക്രമീകരിക്കുന്നതിനായി പലിശ രഹിത ചികിൽസാ വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ച തീയതി മുതൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവ് വരെയുള്ള ചികിത്സയുടെ ബില്ലുകൾ മാത്രമേ സമർപ്പിക്കാവൂ എന്നും അപ്രകാരമുള്ള ഉപയുക്തതാ സർട്ടിഫിക്കറ്റ് മാത്രമേ ലഭ്യമാക്കാവൂ എന്നും കൂടാതെ വായ്പ കൈപ്പറ്റിയ തീയതി കൂടി ലഭ്യമാക്കേണ്ടതാണന്നും ആരോഗ്യ വകുപ്പു ഡയറക്ടർക്ക് നിർദേശം നല്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മഞ് ജുള ജി
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (അനുബന്ധരേഖകൾ സഹിതം)
ശ്രീമതി.ലില്ലി.ആർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II , താലൂക്ക് ആശുപത്രി, ആറ്റിങ്ങൽ, തിരുവനന്തപുരം. (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

ട്രഷറി ആഫീസർ, സബ് ട്രഷറി , ആറ്റിങ്ങൽ.
ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ് (25.05.2026 തീയതിയിലെ HEALTH-G2/91/2026-HEALTH പ്രകാരം)
ധനകാര്യ (ലോൺസ്) വകുപ്പ് (18.06.2026-ലെ 3429372/Loans-L3/16/2026-FIN പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / കാര്യാലയ പകർപ്പ്.(C1/18/2026/H&FWD)

Signed by
ഉത്തരവിൻ പ്രകാരം,
Rekha Johnson
Date: 24-06-2026 12:01:41

സെക്ഷൻ ഓഫീസർ